ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**പ്രാദേശിക വാർത്തകൾ**

**TIME: 12.30 PM** **DATE:04.02.2025**

## പ്രധാനവാർത്തകൾ

1). **പാർലമെന്റിന്റെ ബജറ്റ് സമ്മേളനം തുടരുന്നു; രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ചയിൽ പ്രധാനമന്ത്രി ഇന്ന് മറുപടി നൽകും.**

2). **കാൻസറിനെതിരെ പോരാട്ടം ശക്തമാക്കാമെന്ന സന്ദേശവുമായി ഇന്ന് ലോക അർബുദ ദിനം; ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന് മുഖ്യമന്ത്രി ഇന്ന് തിരുവനന്തപുരത്ത് തുടക്കം കുറിക്കും.**

3). **ആദിവാസി വിഭാഗത്തിൽ പെടുന്ന ജനതയാണ് ഭാവിയ്ക്ക് വേണ്ടി വനവും പരിസ്ഥിതിയും സംരക്ഷിക്കുന്നതെന്ന് മന്ത്രി കെ രാജൻ; പട്ടികവർഗ യുവജന സമ്പർക്ക പരിപാടി തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.**

4). **സ്വർണവില സർവകാല റെക്കോർഡിൽ. പവൻറെ വില ആദ്യമായി 62,000 കടന്നു.**

5). **38 ാമത് ദേശീയ ഗെയിംസിൽ പുരുഷ- വനിതാ വിഭാഗങ്ങളുടെ ബാസ്കറ്റ് ബോളിൽ കേരളത്തിന് വെള്ളി.**

=========================================

RNUTVPM

## പാർലമെൻറ് നന്ദിപ്രമേയ ചർച്ച

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം തുടരുന്നു. ഇരുസഭകളിലും രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ച ഇന്നും നടക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ലോക്സഭയിൽ മറുപടി പ്രസംഗം നടത്തും.

========================================

## ഡൽഹി തിരഞ്ഞെടുപ്പ്

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ അവസാന ഘട്ടത്തിൽ. 70 അംഗ നിയമസഭയിലേയ്ക്ക് നാളെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ഈ മാസം എട്ടിന് നടക്കും.

========================================

## ലോക അർബുദ ദിനം

ഇന്ന് ലോക അർബുദ ദിനം. അർബുദ രോഗത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ വളർത്തുക, രോഗം മുൻകൂട്ടി കണ്ടുപിടിക്കുക, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുക, ചികിത്സ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, എന്നിവ ലക്ഷ്യമിട്ടാണ് 2005 മുതൽ എല്ലാ വർഷവും ഫെബ്രുവരി 4, ലോക അർബുദ ദിനമായി ആചരിക്കുന്നത്. "United by Unique" എന്നതാണ് ഇത്തവണത്തെ പ്രമേയം.

RIJU VPM

========================================

## മുഖ്യമന്ത്രി -അർബുദ ദിനം-ഇൻട്രോ

സംസ്ഥാന ആരോഗ്യ വകുപ്പിൻറെ 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇന്നു മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 വരെയുള്ള ആദ്യഘട്ട കാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയുടെ പരിശോധനയും ചികിത്സയും ഉറപ്പാക്കും. കാമ്പയിന്റെ ഭാഗമായി ജില്ലാതല പരിപാടികൾക്കും ഇന്ന് തുടക്കമായി. മറ്റ് രോഗം പോലെ തന്നെ

ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന രോഗമാണ് അർബുദവുമെന്ന് തിരുവന്തപുരം ആർസിസി പാലിയേറ്റീവ് വിഭാഗം റെസിഡൻറ് മെഡിക്കൽ ഓഫീസർ ഡോ. പ്രശാന്ത് സി വി ആകാശവാണി വാർത്തകളോട് പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

==========================================

## ആർ.സി.സി - കാൻസർ പരിശോധന

കാൻസർ പ്രതിരോധ ക്യാമ്പയിൻറെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെൻററിലും സൗജന്യ ഗർഭാശയഗള, സ്തനാർബുദ നിർണയ പരിശോധന സംഘടിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471 252 22 99 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

==========================================

## പട്ടികവർഗ്ഗ യുവജന സമ്പർക്ക (ഇൻട്രോ)

RNU TVPM

നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പട്ടികവർഗ യുവജന സമ്പർക്ക പരിപാടി തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ആദിവാസി വിഭാഗത്തിൽ പെടുന്ന ജനതയാണ് ഭാവിയ്ക്ക് വേണ്ടി വനവും പരിസ്ഥിതിയും സംരക്ഷിക്കുന്നതെന്ന് ചടങ്ങിൽ സംസാരിച്ച മന്ത്രി കെ രാജൻ പറഞ്ഞു.

**(വോയിസ്............)**

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 200-ലധികം യുവാക്കൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. പരിപാടിയുടെ ഭാഗമായി ഒഡീഷ, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ സംഘാംഗങ്ങൾ നടത്തിയ കലാ ഘോഷയാത്ര ശ്രദ്ധേയമായി.

==========================================

## കെ.എസ്.ആർ.ടി.സി പണിമുടക്ക്

KSRTC യിൽ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ പ്രഖ്യാപിച്ച 24 മണിക്കൂർ പണിമുടക്ക് തുടരുന്നു. ശമ്പള വിതരണം ഉൾപ്പടെയുള്ള കാരണങ്ങൾ ചൂണ്ടിക്കാണിച്ചാണ് സമരം. അതേസമയം പണിമുടക്ക് സ്ഥാപനത്തെ തകർക്കുമെന്നും ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കരുതെന്നും മന്ത്രി കെ ബി ഗണേഷ് കുമാർ പറഞ്ഞു.

==========================================

## കൊല്ലം - കെ.എസ്.ആർ.ടി.സി

സംസ്ഥാനത്ത് ഏതാനും സ്ഥലങ്ങളിൽ KSRTC സമരം സർവീസിനെ ബാധിച്ചു. കൊല്ലത്ത് കൊട്ടാരക്കര ഡിപ്പോയിലെ 9 ബസുകൾക്ക് ഇലക്ട്രിക് തകരാർ കണ്ടെത്തി. ബസുകളുടെ തകരാർ പരിഹരിച്ച് സർവീസ് നടത്തി. തകരാർ വരുത്തിയത് സമരക്കാരാണെന്ന് ഇടത് യൂണിയനുകൾ ആരോപിച്ചു. തമ്പാനൂർ ഡിപ്പോയിൽ സമരാനുകൂലികൾ ബസ് തടഞ്ഞു. പോലീസ് ഇടപെട്ട് സർവീസ് സുഗമമാക്കി. അധിക ജീവനക്കാരെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചാണ് തിരുവനന്തപുരത്ത് ഇപ്പോൾ KSRTC സർവീസ് നടത്തുന്നത്.

==========================================

## ബ്രേക്ക്........

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 620 പോയിൻറ് ഉയർന്ന് 77,807- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 188 പോയിൻറ് നേട്ടത്തിൽ 23,550- ലും വ്യാപാരം തുടരുന്നു. സ്വർണവില സർവകാല റെക്കോർഡിൽ. പവന് 840 രൂപ ഉയർന്ന് 62,480 രൂപയും ഗ്രാമിന് 105 രൂപ വർദ്ധിച്ച് 7,810 രൂപയുമാണ് ഇന്നത്തെ വില.

==========================================

## റേഷൻ വിതരണം

സംസ്ഥാനത്ത് ജനുവരിയിലെ റേഷൻ വിതരണം നാളെ വരെ നീട്ടിയതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ. മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് വ്യാഴാഴ്ച റേഷൻ കടകൾ അടച്ചിടും. ഈ മാസത്തെ റേഷൻ വിതരണം വെള്ളിയാഴ്ച മുതൽ ആരംഭിക്കും.

==========================================

RNU TVPM

## ചെറുകോൽപ്പുഴ

113 -ാമത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിൻ്റെ നാലാം ദിനമായ നാളെ ഹിന്ദു ഏകതാ സമ്മേളനം ആർ.എസ്.എസ്. സർസംഘ ചാലക് മോഹൻ ഭാഗവത് ഉദ്ഘാടനം ചെയ്യും. വ്യാഴാഴ്ച പരിസ്ഥിതി- സാംസ്കാരിക സമ്മേളനത്തിന്റെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിക്കും. ഈ മാസം ഒൻപതു വരെ നടക്കുന്ന ആധ്യാത്മിക സഭകളിൽ നിരവധി പ്രമുഖർ പങ്കെടുക്കും.

==========================================

## നാടക മത്സരം

കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാന തല അമച്വർ നാടക മത്സരം ഈ മാസം 16 മുതൽ 21 വരെ തൃശ്ശൂർ സംഗീത നാടക അക്കാദമിയിൽ നടക്കും. ദക്ഷിണ മേഖല അമച്വർ നാടക മത്സരത്തിൽ നിന്നും രണ്ട് നാടകങ്ങൾ സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടി. മാക്ബത്ത് : ദി ലാസ്റ്റ് ഷോ, മാടൻമോക്ഷം എന്നീ നാടകങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടത്.

RNUTVPM

==========================================

## പത്തനംതിട്ട, പടയണി - (ഇൻട്രോ)

മധ്യതിരുവിതാംകൂറിലെ പ്രശസ്തമായ കോട്ടാങ്ങൽ ഭദ്രകാളി ക്ഷേത്രത്തിലെ വലിയ പടയണി ഇന്ന് നടക്കും. രാത്രി 12- നാണ് വലിയ പടയണി ആരംഭിക്കുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

**(വോയിസ്..................)**

==========================================

## നാഷണൽ ഗെയിംസ്

ഉത്തരാഖണ്ഡിൽ നടക്കുന്ന 38 ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് ഇന്ന് മെഡൽ നേട്ടം. പുരുഷ- വനിതാ വിഭാഗങ്ങളുടെ 3x3 ബാസ്ക്കറ്റ് ബോളിൽ കേരളം വെള്ളി കരസ്ഥമാക്കി. വനിതകളുടെ 100 മീറ്റർ ബ്രസ്റ്റ് സ്ട്രോക്കിൽ നീന്തൽ താരം ഹർഷിത ജയറാം ഫൈനലിൽ പ്രവേശിച്ചു. മെഡൽ പട്ടികയിൽ കർണാടക ഒന്നാം സ്ഥാനത്തും സർവീസസ് രണ്ടാം

സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളം പട്ടികയിൽ പത്താമതാണ്.

=============================================

## ദിവ്യാശാകേന്ദ്രം-പിടി ഉഷ

കോട്ടയത്ത് ഭിന്നശേഷിക്കാർക്കായി പ്രധാനമന്ത്രി ദിവ്യാശാ കേന്ദ്രം അനുവദിക്കുമെന്ന് കേന്ദ്ര സഹമന്ത്രി രാംദാസ് അഠാവ്‌ലെ ഉറപ്പു നൽകിയതായി പി.ടി.ഉഷ എംപി. പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ സമീപ മാസങ്ങളിൽ വയോശ്രീ ക്യാംപുകൾ നടത്തുമെന്നും പി.ടി.ഉഷ പറഞ്ഞു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭിന്നശേഷി കലാകാരന്മാർ പങ്കെടുക്കുന്ന ദിവ്യ കലാമേളയും കോഴിക്കോട് നടത്തും.

=============================================

## കെ. സുരേന്ദ്രൻ - കോഴിക്കോട്

കേന്ദ്ര ബജറ്റിൽ കേരളത്തെ അവഗണിച്ചിട്ടില്ലെന്ന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ. ധനകാര്യ കമ്മീഷൻ്റെ മാനദണ്ഡം അനുസരിച്ചാണ് ധനസഹായം അനുവദിക്കുന്നതെന്നും അദ്ദേഹം കോഴിക്കോട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

RNU TVPM

=============================================

## കെ.എൻ ബാലഗോപാൽ

സംസ്ഥാനത്ത് കിഫ്ബി ഫണ്ടിൽ നിർമ്മിക്കുന്ന റോഡുകളിൽ ടോൾ പിരിവു നടത്തിയാൽ കോൺഗ്രസ് ശക്തമായി പ്രതിഷേധിക്കുമെന്ന് കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ എംപി. കിഫ്ബി പദ്ധതികളിലെ ക്രമക്കേടും ചട്ടവിരുദ്ധമായ വായ്പകളുമാണ് നിലവിലെ ധനപ്രതിസന്ധിക്ക് കാരണമെന്നും അദ്ദേഹം ആരോപിച്ചു. അതേസമയം, കിഫ്ബി റോഡിൽ ടോൾ പിരിവ് ഉടൻ നടത്തില്ലെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. വരുമാനം കണ്ടെത്തുന്നതിനുള്ള പദ്ധതികൾ സംബന്ധിച്ച് കിഫ്ബി പഠനം നടത്തി വരുന്നതായും മന്ത്രി വ്യക്തമാക്കി.

=============================================

## പാലക്കാട് നെന്മാറ

പാലക്കാട് നെന്മാറ, പോത്തുണ്ടി ഇരട്ട കൊലപാതക കേസിലെ പ്രതി ചെന്താമരയെ കോടതി പോലീസ് കസ്റ്റഡിയിൽ വിട്ടു. പ്രതിയെ തെളിവെടുപ്പിനായി എത്തിക്കുന്നതിനായി പ്രദേശത്ത് വൻ പോലീസ് സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

==========================================

## ബാലരാമപുരം - കൊലപാതകം

തിരുവനന്തപുരം ബാലരാമപുരത്ത് രണ്ടര വയസ്സുകാരിയുടെ കൊലപാതകത്തിൽ പ്രതി ഹരികുമാറിനെ നെയ്യാറ്റിൻകര കോടതിയിൽ ഹാജരാക്കി. ഹരികുമാറിനെ ഏഴാം തീയതി വരെ പോലീസ് കസ്റ്റഡിയിൽ വിട്ടുനൽകി.

==========================================

## ഭാഗ്യക്കുറി നറുക്കെടുപ്പ്

ക്രിസ്തുമസ് - നവവത്സര ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പ് നാളെ നടക്കും. ഉച്ചയ്ക്ക് രണ്ട് മണിയ്ക്കാണ് നറുക്കെടുപ്പ്.

20 കോടി രൂപയാണ് ഒന്നാം സമ്മാനം. രണ്ടാം സമ്മാനമായി ഓരോ കോടി രൂപ വീതം 20 പേർക്ക് നൽകും.

RNU TVPM

====================

============================

==========================================